(ഡി)-(ഇ) സമിതിയുടെ നിർദ്ദേശാനുസരണം സംവരണ തത്വം പാലിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സിഡ്കോയുടെ വ്യാവസായിക പാർക്കുകൾ

20 (3095) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിൽ സിഡ്കോയുടെ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലകളിൽ പൂർത്തീകരണ ഘട്ടത്തിലാണ്;

(സി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സിഡ്കോ ആരംഭിക്കുന്ന വ്യാവസായിക യൂണിറ്റുകളുടെ പൂർത്തീകരണം എപ്പോൾ നടക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ.

(ബി) പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

(സി) വ്യവസായ പാർക്കിനാവശ്യമായ സ്ഥല ലഭ്യത വ്യവസായ സംരംഭകരുടെ പങ്കാളിത്തം എന്നിവയെ ആശ്രയിച്ചാണ് പദ്ധതിയുടെ പൂർത്തീകരണം.

സിഗ്നൽ ടെലിവിഷൻ കമ്പനി

21 (3096) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന സിഗ്നൽ ടെലിവിഷൻ കമ്പനി കഴിഞ്ഞ നാലുവർഷമായി ലാഭത്തിലാണോ, നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ ഈ കമ്പനി ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലെ തൊഴിലാളികൾക്ക് ശമ്പളകുടിശ്ശികയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്കു കൊടുത്തുതീർക്കുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നഷ്ടത്തിലാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly